"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - മലപ്പുറം ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിലെ സ്ഥിരം തൊഴിലാളിയായ ശ്രീ.സാംരാജ്.ഡി.യ്ക്ക് ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.38/2025/AGRI തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-

1. സ.ഉ(കൈ)നം. 35/1997/എഡി; തീയതി 04.02.1997.
2. ശ്രീ. ഡേവിഡ് 06.05.2024-ൽ ബഹു.കൃഷി വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ.
3. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 24.09.2024-ലെ ADFW/6679/2024/LW നമ്പർ കത്ത്.
4. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2024-ലെ ADFW/6679/2024/LW(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിലെ സ്ഥിരം തൊഴിലാളിയായ ശ്രീ.സാംരാജ്.ഡി.യുടെ പിതാവായ ശ്രീ.ഡേവിഡ് , രോഗിയായ തന്നെ പരിചരിക്കുന്നതിനുതകും വിധം തന്റെ മകന് തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്നുമാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച നിവേദനം പരിശോധിച്ച് കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സൂചന (3) പ്രകാരം ശുപാർശ ചെയ്ത് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്.

2) ശ്രീ.സാംരാജ്.ഡി., 13.2.2023-ൽ കാഷ്വൽ തൊഴിലാളിയായും, 05/03/2024-ൽ സ്ഥിരം തൊഴിലാളിയായും ചുങ്കത്തറ ജില്ലാ കൃഷി തോട്ടത്തിൽ സേവനമനുഷ്ഠിച്ചു വരുന്നുവെന്നും, പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്ന് വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് മാത്രമേ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ നാളിതുവരെ ടിയാന് സ്ഥലം മാറ്റം നല്ലിയിട്ടില്ലായെന്നും, കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (3) ലെ കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

3) തുടർന്ന് ശ്രീ. സാംരാജ് ഡി -യുടെ പിതാവിന്റെ ആരോഗ്യ സ്ഥിതിയും നിലവിലെ അവസ്ഥയും കണക്കിലെടുത്ത് ടിയാന് സ്ഥലം മാറ്റം നൽകുന്നതിനായി തിരുവനന്തപുരത്തെ ഫാമിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് അറിയിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലും ബനാന നഴ്സറി പെരിങ്ങമ്മലയിലും സ്ഥിരം തൊഴിലാളികളുടെ ഒഴിവ് ഉള്ളതായി പരാമർശം (4) പ്രകാരം കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിലെ സ്ഥിരം തൊഴിലാളിയായ ശ്രീ.സാംരാജ്.ഡി -യുടെ പിതാവിന്റെ ആരോഗ്യസ്ഥിതിയും, നിലവിലെ അവസ്ഥയും കണക്കിലെടുത്ത്, ടിയാന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ചു കൊണ്ട് പരാമർശം (1) ലെ ഉത്തരവിൽ ഇളവ് നൽകി, ടിയാന് ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ നിലവിലുള്ള സ്ഥിരം തൊഴിലാളിയുടെ ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മനോജ് കുമാർ

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സാംരാജ് ഡി., മലപ്പുറം ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടം

(കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Sujanath V M

സെക്ഷൻ ഓഫീസർ

Date: 23-01-2025 11:22:29